## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

21.06.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3810

### ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. സ്വരാജ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | നാല് കാറ്റഗറികളിൽപ്പെട്ട വസ്തുക്കളുടെ സ്ഥലവില 11.04.2017 ലെ G.O (Rt) No. 1757/2017/RD ലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലം നൽകിയവർക്ക് സ്ഥലത്തിന്റെ വില ലഭ്യമാക്കിയിട്ടുണ്ടോ ; | (ബി) (സി) & (ഡി) | 15.25 ഏക്കർ ഭൂമി, ഇലക്ട്രോണിക്സ് ഹാർഡ് വെയർ പാർക്കിനു വേണ്ടി നൽകിയ 15 ഭൂവുടമകൾക്ക് 50% ഭൂമി വില ഇനത്തിൽ 8,34,16,624/- രൂപ നൽകിയിട്ടുണ്ട്. സ്ഥലം അർത്ഥനാധികാരി യുടെ പേരിലേയ്ക്ക് ആധാരം ചെയ്തു നൽകുമ്പോൾ ബാക്കി തുക നൽകുന്നതാണ്. ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനം ഉണ്ടാവുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകുവാൻ സാധിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ ; | | |
| (ഡി) | ഇവർക്ക് തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് തുക അനുവദിക്കുമെന്ന് അറിയിക്കുമോ ? | | |

Bindu.T

സെക്ഷൻ ഓഫീസർ